LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: മുഖ്യമന്ത്രിയുടെ മകന്റെ പേരിലുള്ള ഈ ആരോപണം ഖാദർ പാലോത്ത് വെളിപ്പെടുത്തിയ സാഹചര്യത്തിൽ കേസെടുത്ത് അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. വാക്കൗട്ട് നടത്തി പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരിച്ചുവന്നു)

III ശ്രദ്ധ ക്ഷണിക്കൽ

1. വായു-ജല മലിനീകരണ പ്രശ്നങ്ങൾക്ക് പ്രതിവിധി

ശ്രീ. സാജു പോൾ: സർ, കേരളം ഒരു മാലിന്യക്കൂമ്പാരമായി മാറുന്ന അവസ്ഥയ്ക്ക് പ്രതിവിധിയുണ്ടാക്കണമെന്ന കേരളത്തിന്റെ ഏറ്റവും പ്രസക്തമായ ഒരു ആവശ്യമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്. "ആദി ഉഷ സന്ധ്യ പുത്ത നാടായി" ജ്ഞാനപീഠ പുരസ്കാര ജേതാവ് മഹാകവി ഒ.എൻ.വി. കുറുപ്പ് വിശേഷിപ്പിച്ച കേരളം സാക്ഷരത സുന്ദരമാണെന്ന് നമ്മളെല്ലാം അഭിമാനിക്കുമ്പോഴും ഈ മാലിന്യ കൂമ്പാരങ്ങൾ നമുക്ക് ഏറ്റവും അപമാനകരമായ അവസ്ഥയിൽ ഇന്ന് നിൽക്കുകയാണ്. മാലിന്യങ്ങളെ പൊളിറ്റിക്കൽ, കൾച്ചറൽ, കമ്മ്യൂണൽ എന്നെല്ലാം തരംതിരിക്കാം. ആ മാലിന്യങ്ങൾ അങ്ങനെ നിൽക്കട്ടെ. ആ മാലിന്യം ജനങ്ങൾ തിരിച്ചറിയും. നമ്മൾ ഇന്ന് യാത്ര ചെയ്യുന്ന സന്ദർഭങ്ങളിൽ, പ്ലാസിറ്റിക് മാലിന്യങ്ങളെല്ലാം നിരോധിച്ചുവെന്ന് പറയുമ്പോഴും വിജനമായ സ്ഥലങ്ങളിലും പാലങ്ങളുടെ സമീപങ്ങളിലും വഴിയോരങ്ങളിലുമെല്ലാം പ്ലാസ്റ്റിക് മാലിന്യങ്ങളുടേയും മറ്റ് മാലിന്യങ്ങളുടേയും കൂമ്പാരങ്ങളാണ് കാണാൻ സാധിക്കുന്നത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ പറ്റാതെ വളരെ ഗുരുതരമായ പ്രതിസന്ധിയിൽ എത്തിനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രാദേശിക സർക്കാരുകളായ, വളരെ പരിമിതമായ വിഭവ സൗകര്യവും പശ്ചാത്തല സംവിധാനങ്ങളുമുള്ള പഞ്ചായത്തുകളേയും മുനിസിപ്പൽ കോർപ്പറേഷനുകളെയോ മാലിന്യ നിർമ്മാർജ്ജന കാര്യം ഏൽപ്പിച്ച് മാറിനിൽക്കുന്ന സ്ഥിതി ശരിയല്ല. ഇപ്പോൾ നമ്മുടെ വായുവും ജലവും മാരക വിഷയങ്ങളാൽ ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയാണ്. ഞങ്ങളുടെ നാട്ടിലെ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളിൽ ഉൾപ്പെടെ വെള്ളം വിടാൻ ആളുകൾ കാത്തിരിക്കുകയാണ്, ഈ പ്ലാസ്റ്റിക് കുടുകളിൽ കെട്ടിയ മാലിന്യങ്ങൾ വലിച്ചെറിയാൻ വേണ്ടി. ഇങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

തലതിരിഞ്ഞ സംസ്കാരം കേരളത്തിൽ ഉണ്ടായിട്ടും അതിനെതിരെ ശക്തമായ നിയമ നടപടികളോ മറ്റ് കാര്യങ്ങളോ ഉണ്ടാകുന്നില്ല. കേരളത്തിലെ വിജനമായ സ്ഥലങ്ങളിലടക്കം മാംസാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മലിന വസ്തുക്കൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കണം. ഞാൻ തന്നെ മുമ്പ് നിയമസഭയിൽ ഉന്നയിച്ച ഒരു ചോദ്യത്തിന് മറുപടിയായി പ്രതിവർഷം ഒരു ലക്ഷം ടൺ മത്സ്യം കേരളത്തിലേക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നുണ്ടെന്നാണ് പറയുന്നത്. അമോണിയ ഉൾപ്പെടെയുള്ള മാരകമായ രാസപദാർത്ഥങ്ങളാണ് ആ മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻവേണ്ടി ഉപയോഗിക്കുന്നത്. പഴവർഗ്ഗങ്ങളിലും, പച്ചക്കറിയിലും കൃത്രിമമായി ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടിയും മാങ്ങ പഴുപ്പിച്ചെടുക്കാൻ വേണ്ടിയും ചില കൃത്രിമ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം ഉപയോഗിക്കുന്നതിന്റെ ഫലമായി ആശുപത്രികളിലെല്ലാം കുട്ടികളും സ്ത്രീകളും പ്രായംചെന്നവരും ഉൾപ്പെടെ വലിയ ജനസംഖ്യ അസുഖബാധിതരായി നിത്യേന എത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. നമ്മുടെ നാട്ടിൽ പി.എം.ബി.ആർ. കമ്മിറ്റി തന്നെ ഇതിനെക്കുറിച്ച് ഒരു പഠനം നടത്തി. കൊച്ചി ഉൾപ്പെടെയുള്ള കോർപ്പറേഷനുകളുടെ അതിർത്തിയിൽ സൂക്ഷ്മമായ ഖരമാലിന്യ പ്രശ്നം വന്നപ്പോൾ ഖരമാലിന്യ സംസ്കരണത്തെക്കുറിച്ച് പഠിക്കാനായി പി.എം.ബി.ആർ. കമ്മിറ്റി ഇൻഡ്യയിലെ വിവിധ സ്ഥലങ്ങളായ സൂറ്റ്, മുംബൈ, ശ്രീനഗർ, ഡൽഹി എന്നിവിടങ്ങളിൽ പോകുകയുണ്ടായി. മുംബൈ പട്ടണത്തിൽ പ്രതിദിനം 6000 ടൺ ഖരമാലിന്യം നീക്കം ചെയ്ത് സംസ്കരിക്കുമ്പോൾ കൊച്ചിയിൽ പ്രതിദിനം 200 ടൺ, അതായത് ഒരു മാസം കൊച്ചിയിൽ സംസ്കരിക്കുന്നത് പ്രതിദിനം ബോംബെയിൽ അവർ നീക്കം ചെയ്യുകയും സംസ്കരിക്കുകയും ചെയ്യുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അവർ കൈകാര്യം ചെയ്യുന്നതിന്റെ തുച്ഛമായ ഒരു ഭാഗം കൊച്ചി പട്ടണത്തിൽ നമുക്ക് സംസ്കരിക്കാൻ കഴിയുന്നില്ല. ലാന്റ് ഫില്ലിംഗിനുള്ള സൗകര്യം മറ്റ് സംസ്ഥാനങ്ങളിലുണ്ട്. അവിടെയൊക്കെ ജനസാന്ദ്രത കേരളത്തിലേതുപോലെയില്ല. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം.....ലാന്റ് ഫില്ലിംഗിന് സൗകര്യമില്ലായെന്നുള്ളത് ഒരു സത്യമാണെങ്കിൽ പോലും, 36 ലക്ഷം ജനസംഖ്യയുള്ള സൂറ്റ് പട്ടണത്തെ 7 മേഖലകളാക്കി തിരിച്ച് ഓരോ പ്രദേശത്തിനും ഒരു മെഡിക്കൽ ഗ്രാജ്യുവേറ്റിന് ചുമതലകൊടുത്ത് വളരെ ഭംഗിയായി, ഖരമാലിന്യം സംസ്കരിക്കുന്നതിനായി സ്വകാര്യ സെക്യൂരിറ്റി ഏജൻസികളെ അവർ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ പോലീസിനുപോലും കേസ്സെടുക്കാൻ കഴിയുന്നില്ല. ഖരമാലിന്യ പ്രശ്നംപോലെ ദ്രവമാലിന്യം, സീവറേജ്, സീവറേജ് സിസ്റ്റം എന്നിവയും ഇന്ന് കേരളത്തിലെ ഒരു പട്ടണത്തിലും ഫലപ്രദമായിട്ടില്ല. ഫ്ളാറ്റുകളെല്ലാം ഇവിടെ

കെട്ടിപ്പൊക്കിയതിനുശേഷം സിവറേജ് സിസ്റ്റമില്ലാതെ ബയോ മെഡിക്കൽ വേസ്റ്റ്, ഇലക്ട്രോണിക് വേസ്റ്റ് എന്നിവ 2020-ൽ ഇപ്പോഴത്തേതിന്റെ 500 ഇരട്ടിയായി മാറുമെന്നാണ് പറയുന്നത്. കേരളത്തിൽ എമ്പാടും നമുക്ക് കാണാൻ കഴിയുന്നതാണ് വ്യാപകമായി നിലനിൽക്കുന്ന സ്ലോട്ടർ ഹൗസുകൾ യാതൊരു സംവിധാനങ്ങളുമില്ലാതെ വെറുതെ നാല് കാല് കുഴിച്ചിട്ട് കുറച്ച് ഓലവച്ച് അല്ലെങ്കിൽ ടാർപാളിൻ വലിച്ചുകെട്ടി മൃഗങ്ങളെ കശാപ്പ് ചെയ്ത് കെട്ടിത്തൂക്കുന്ന സ്ഥിതിയാണുള്ളത്. കേരളത്തിലേക്ക് പ്രതിവർഷം 17 ലക്ഷം ടൺ മൃഗങ്ങളെ കൊണ്ടുവരുന്നു എന്നുള്ളതാണ് കണക്ക്. അതിൽ 6 ലക്ഷം ടൺ മാത്രമാണ് മാംസമായി ഉപയോഗിക്കുന്നത്. ബാക്കി തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കും പോകുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്..... ശ്രീ. സാജു പോൾ.....

ശ്രീ. സാജു പോൾ : സർ, ഞാൻ പെട്ടെന്ന് പറയാം ഇതിൽ ബാക്കി വരുന്ന മുഴുവൻ അവശിഷ്ടങ്ങളും കേരളത്തിലെ ജലസ്രോതസ്സുകളിലും ജല സംഭരണികളിലും വിജനമായ പ്രദേശങ്ങളിലും സ്ലോട്ടർ ഹൗസുകൾ നടത്തുന്ന ആളുകൾ കൊണ്ടുപോയി നിക്ഷേപിക്കുകയാണ്. പെരിയാർ നദിയിലേക്ക് മാലിന്യം നിക്ഷേപിക്കുന്നത് ജില്ലാ കളക്ടർ, സർക്കിൾ ഇൻസ്പെക്ടർ എന്നിവർ നേരിട്ട് പിടിക്കുന്ന സ്ഥിതിയുണ്ടായി. വടക്കേ ഇന്ത്യയിൽ നിന്ന് വന്നിട്ടുള്ള തൊഴിലാളികളെ ഉപയോഗിച്ച് നമ്മുടെ ജലസ്രോതസ്സുകളിൽ ലോഡ് കണക്കിന് മാലിന്യം കൊണ്ടുപോയി തള്ളുകയാണ്. ഓഡിറ്റോറിയങ്ങളിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനമില്ല. ഉത്ഭവസ്ഥാനങ്ങളിൽ തന്നെ തരം തിരിച്ച് സെഗ്രഗേറ്റ് ചെയ്ത് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനമില്ല. എന്റെ നാട്ടിൽ ഒരു കനാലിൽ മാലിന്യങ്ങൾ പതിവായിട്ടുപ്പോൾ വധുവരന്മാരുടെ ചിത്രങ്ങളോടുകൂടിയ കാർഡ് കിട്ടി. ആ കാർഡിൽ നിന്നും വിവാഹസദ്യ തയ്യാറാക്കിയ കേറ്ററിംഗ് സ്ഥാപനത്തെ പിടികൂടി അവരെക്കൊണ്ട് അത് നാട്ടുകാരും പോലീസും ചേർന്ന് നീക്കം ചെയ്യിച്ചു. ഇങ്ങനെയുള്ള എത്രയോ സംഭവങ്ങളാണ് നിത്യേന നടക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ സംവിധാനം, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള മിഷൻ എന്നൊക്കെ പറഞ്ഞ് ഒരുപാട് ഏജൻസികളും സംവിധാനങ്ങളുമുണ്ടെങ്കിലും ഇതൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഈ സാക്ഷരസുന്ദര സംസ്ഥാനത്തിൽ നൂതന വികസന സംസ്കാരമുള്ളവരെന്ന് അവകാശപ്പെടുന്ന ഈ കേരളക്കരയെ അങ്ങേയറ്റം മലീമസമാക്കുന്ന നടപടികൾ ഇല്ലാതാക്കണം. 4 കോടി ജനങ്ങൾ ശബരിമലയിൽ വന്നുപോകുകയാണ്. കേരളത്തിലെ കാലടി, ഏറ്റുമാനൂർ, പന്തളം, അടൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഈ അയ്യപ്പസ്വാമിമാർ തമ്പടിച്ച് കിടക്കുന്നതുമൂലം യാതൊരു പ്രാഥമിക സൗകര്യങ്ങളുമില്ലാത്തതിനാൽ ഈ പട്ടണങ്ങളെല്ലാം മാലിന്യ കൂമ്പാരങ്ങളായി മാറുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട സാജു.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : അതിനെല്ലാമെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് ഈ വികസിത സംസ്ഥാനവും നൂതനമായ ആശയങ്ങൾ ഒരുപാട് സംഭാവന ചെയ്തിട്ടുള്ളതുമായ കേരളനാടിന്റെ എല്ലാ പ്രകൃതി സൗന്ദര്യവും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, വായുവും ജലവും നമ്മുടെ പരിസരവും മലിനമാക്കപ്പെടുന്നതിന്റെ അടിസ്ഥാന കാരണങ്ങളും അവയ്ക്കുള്ള പരിഹാരവുമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിക്കപ്പെട്ടത്. ഈ പ്രശ്നത്തിന്റെ ഗൗരവം പൊതുസമൂഹവും ഭരണ സംവിധാനത്തിന്റെ ഭാഗമായിട്ടുള്ളവരും വേണ്ടത്ര ഗൗരവത്തിൽ കാണുന്നില്ല എന്നുള്ളതാണ് പരിഹാരം കണ്ടെത്തുന്നതിനുള്ള മുഖ്യതടസ്സം. 1974-ലെ ജലമലിനീകരണ നിയന്ത്രണ നിയമവും 1981-ലെ വായുമലിനീകരണ നിവാരണ നിയന്ത്രണ നിയമവും സംസ്ഥാനത്ത് പൊല്യൂഷൻ കൺട്രോൾ ബോർഡ് വഴി നടപ്പിലാക്കി വരുന്നുണ്ട്. മിക്ക വൻകിട ഇടത്തരം വ്യവസായങ്ങളിലും പാഴ്ജല-മലിനവായു ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വലിയ സ്വകാര്യ ആശുപത്രികളിലും മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. 2000-ലെ മുനിസിപ്പൽ ഖരമാലിന്യ പരിപാലന നിയമമനുസരിച്ച് എല്ലാ നഗരസഭകളും 160 ഗ്രാമപഞ്ചായത്തുകളും ഇതിനകം തന്നെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 27 നഗരസഭകളും പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു ; 25 ഇടത്ത് പണി നടന്നുവരുന്നു. 5 കോർപ്പറേഷനുകളിലും ഖരമാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ട്. 11 ഗ്രാമപഞ്ചായത്തുകളിൽ മാത്രമേ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുള്ളൂ. സ്രോതസ്സുകളിൽ തന്നെ സംസ്കരിച്ച് മാലിന്യസംസ്കരണം ഫലപ്രദമാക്കാനുള്ള നടപടി എടുത്തുവരുന്നു. ബയോ-മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ മേൽനോട്ടത്തിൽ ഒരു പ്ലാന്റ് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് പ്രവർത്തിക്കുന്നു. 150 സർക്കാർ ആശുപത്രികൾ ഉൾപ്പെടെ കേരളത്തിലെ 2691 സ്ഥാപനങ്ങളിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. എല്ലാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലും നിയമപ്രകാരമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് ശ്രമിച്ചു വരുന്നു. ഇലക്ട്രോണിക് വ്യവസായങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഹസാർഡുവസ് വേസ്റ്റ് മാനേജ്മെന്റിന് ചില നിബന്ധനകളുമുണ്ട്. അതനുസരിച്ചാണ് ഇപ്പോൾ നടപടികൾ സ്വീകരിക്കുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഇ-വേസ്റ്റ് മാനേജ്മെന്റ് ഹാന്റിലിംഗ് റൂൾസ് 2010-ൽ അതിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ ഇ-മാലിന്യങ്ങൾക്ക് മതിയായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയും.

ശ്രീ. സാജുപോൾ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി, അത് നിയമപരമായി എല്ലാം വസ്തുതകളാണ് അല്ലെങ്കിൽ യഥാർത്ഥ്യമാണ്. പക്ഷേ ഇവിടത്തെ ഉദ്യോഗസ്ഥ സംവിധാനം, ഫുഡ് ഇൻസ്പെക്ടർ, ഡ്രഗ്സ് ഇൻസ്പെക്ടർ സബ്-ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ..... ഇവരൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം ചോദിക്കൂ.....

ശ്രീ. സാജു പോൾ : ഇവരൊന്നും ഒരു നടപടിയും സ്വീകരിക്കുന്നില്ല..... ഒരു പഞ്ചായത്തിൽ മാത്രം ഒന്ന് അന്വേഷിച്ചാൽ അനധികൃതമായി പ്രവർത്തിക്കുന്ന എത്ര സ്ലോട്ടർ ഹൗസുകളുണ്ടെന്ന് കണ്ടുപിടിക്കാൻ കഴിയും. കേരളത്തിലിപ്പോൾ വിളപ്പിൽശാല, ഞെളിയൻപറമ്പ്, ബ്രഹ്മപുരം, ലാലൂർ....

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്..... അങ്ങ് നേരത്തെ പ്രസംഗിച്ചതാണ്....

ശ്രീ. സാജു പോൾ : അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകണം. ഈ വിജനമായ സ്ഥലങ്ങളിൽ മാലിന്യം തള്ളുന്ന കുറെ പേരെയെങ്കിലും പോലീസിനെ ഉപയോഗിച്ച് നിയമത്തിന് മുൻപിൽ കൊണ്ടുവരാൻ തയ്യാറായാൽ കേരളത്തിലെ ഈ സംവിധാനത്തിന് ഒരു മാറ്റം വരും. അത്തരത്തിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ സാക്ഷരതായജ്ഞം പോലെ വ്യാപകമായ ജനപങ്കാളിത്തത്തോടുകൂടി ഈ മാലിന്യ പ്രശ്നത്തിൽ ഒരു ജനകീയ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, പട്ടണത്തിലുള്ള മാലിന്യങ്ങൾ മുഴുവൻ ശേഖരിച്ച് സംസ്കരിക്കുക എന്നുള്ളത് എത്ര ശ്രമിച്ചാലും അത് പരാജയപ്പെടും. അതുകൊണ്ടാണ് അതത് പ്രദേശത്ത് വികേന്ദ്രീകരിച്ച് സംസ്കരിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഇപ്പോൾ നടപ്പാക്കുന്നത്. അത് ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്.

2. വർദ്ധിച്ചുവരുന്ന ആത്മഹത്യ

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിന്റെ എ.ഡി.ജി.പി. ആയിരുന്ന സിബി മാത്യു ഇപ്പോൾ വിവരാവകാശ കമ്മീഷണറാണ്. അദ്ദേഹം അടുത്തിടെ പുറത്തിറക്കിയ മലയാളി ഇങ്ങനെയും മരിക്കണമോ എന്ന ഗവേഷണ പ്രബന്ധ പുസ്തകമാണ് ഈ ശ്രദ്ധ ക്ഷണിക്കലിന് എനിക്ക് പ്രേരണ നൽകിയത്. മലയാളി മരണവുമായി പ്രണയത്തിലാണ്. ഏറ്റവും അധികം ആത്മഹത്യകൾ നടക്കുന്ന, ഏറ്റവും അധികം മദ്യം കുടിക്കുന്ന, ഏറ്റവും അധികം വാഹനാപകടങ്ങൾ വഴി ആളുകൾ മരിക്കുന്ന, ഏറ്റവും അധികം കുടുംബ ബന്ധങ്ങൾ തകരുന്ന, എന്നാൽ ഏറ്റവും സാക്ഷരതയുള്ള ദൈവത്തിന്റെ സ്വന്തം നാട് നമ്മെ ഭയചകിതരാക്കുന്നു, നമ്മെ സംഭ്രമിപ്പിക്കുന്നു. പലിശയ്ക്ക് പണമെടുത്ത് ചെലവഴിച്ച് വായ്പാ ബാദ്ധ്യത കഴുത്തിന് പിടികൂടുമ്പോൾ പിഞ്ചുമക്കൾക്ക് വിഷം കൊടുക്കുന്ന രക്ഷിതാക്കളും മക്കളും മരണവേദനയോടെ പിടയുന്ന നാടായി കേരളം മാറുന്നു. ദുഃഖങ്ങളും മഹാരോഗങ്ങളും ദാരിദ്ര്യവും പരീക്ഷാപരാജയവും അപമാനഭീതിയും കടബാധ്യതയും കുടുംബ തകർച്ചയും സ്നേഹശൂന്യതയും പ്രിയജന വിരഹവും അപരിഹാര്യമായ പ്രശ്നങ്ങളായി മുന്നിലുയർന്ന് അവയിൽ നിന്ന് രക്ഷപ്പെടാൻ മലയാളി പാടുപെടുന്നു. എല്ലാ മതങ്ങളും